# പാതിരിമാർ വീണ്ടും, വസ്‌വാസുകളുമായി

അവർ പിന്നെയും ഇറങ്ങിയിരിക്കുന്നു, പാതിരിമാർ. തങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നതു പോലും മറന്നു കൊണ്ടുള്ള വാദങ്ങളുമായി. തങ്ങളിൽത്തന്നെ വന്നുചേർന്നിട്ടുള്ള 'പർവ്വതം കണക്കെ'യുള്ള മാറ്റങ്ങൾ 'മുറം' കൊണ്ട് മറച്ചു പിടിച്ചാണ് അവരുടെ രംഗപ്രവേശം. മുസ്‌ലിം ഉമ്മത്തിലെ സാധാരണക്കാരെ എപ്പോഴും 'വസ്‌വാസി'ലകപ്പെടുത്തി നിർത്തിയാലെ തങ്ങൾക്ക് നിലനിൽപുള്ളൂ എന്നതിനാലും, മുമ്പേ എഴുതിയതും പറഞ്ഞതുമായ കാര്യങ്ങൾ തിരുത്താനുള്ള ജാള്യതയാലും വീണ്ടും വീണ്ടും പാതിരിമാർ വേലകൾ കാട്ടുകയാണ്. ബഹ്റൈനിലും ദുബായിയിലുമൊക്കെ ചെന്ന്, സ്ത്രീകൾകൂടി ജുമുഅ ജമാഅത്തുകളിൽ പങ്കെടുക്കുന്ന പള്ളികളിൽ ജുമുഅക്ക് നേതൃത്വം നൽകിയ 'ശൈഖുന' മാരുടെ കേന്ദ്രമാണ്, സ്ത്രീകൾ പള്ളികളിൽ ചെന്ന് നമസ്കരിക്കുന്നത് ഹറാമാണെന്ന 'പഴകിപ്പുളിച്ച' ഫത്‌വകളുമായി ഊരു ചുറ്റുന്നത്. ഏറെ കൗതുകമുണ്ടാക്കുന്ന കാര്യമാണിത്. പള്ളികളോടനുബന്ധിച്ച് 'സ്ത്രീകൾക്ക് വിശ്രമ സ്ഥല'ങ്ങളൊരുക്കി സോക്സും നിസ്കാരക്കുപ്പായവും തയ്യാറാക്കി വെച്ചിട്ടുള്ള, പള്ളികളോടനുബന്ധിച്ച് 'യാത്രക്കാരികൾക്ക് നമസ്കരിക്കാൻ' മുസ്വല്ലകൾ ക്രമീകരിച്ചിട്ടുള്ള, ചില പള്ളികൾക്കു മുന്നിൽ 'സ്ത്രീകൾക്കു നമസ്കരിക്കാൻ സൗകര്യമുണ്ട്' എന്ന് എഴുതിവെച്ചിട്ടുള്ള, പെണ്ണുങ്ങൾക്കു വേണ്ടി മാത്രം 'പള്ളിയുടെ ഉള്ളുകാണൽ ചടങ്ങ്' സംഘടിപ്പിക്കാറുള്ള, എന്നല്ല പള്ളിയുടെ ഉദ്ഘാടന കർമ്മം ഒരു സ്ത്രീയെക്കൊണ്ടുതന്നെ നിർവഹിപ്പിച്ചിട്ടുള്ള ഈ പാതിരിമാരും അനുയായികളും **'സ്ത്രീകൾക്ക് പള്ളി ഹറാമാാാാൺ'** എന്ന് നീട്ടിപ്പറയുമ്പോൾ തമാശ തോന്നുകയാണ്.



കാസർകോട് ആലങ്കോട് ഹിദായത്ത് ജുമാ മസ്ജിദ് അബുദാബിയിലെ മറിയം മുസ്സ ആർ. മഹ്റി ഉദ്ഘാടനം ചെയ്യുന്നു. (8-8-03 ചന്ദ്രിക)

ഒരുകാലത്ത് സ്ത്രീകൾക്ക് അക്ഷരവിദ്യ അഭ്യസിക്കൽ ഹറാമാക്കിയവരാണ് ഇതേ പാതിരികൾ. ഇവർ നിൽക്കുന്നിടത്ത് സമൂഹം മൊത്തത്തിൽ നിൽക്കുന്നില്ലെന്നു കണ്ടാൽ സമൂഹം നിൽക്കുന്നിടത്തേക്ക് ഇറങ്ങിവരാൻ ഇവർ തയ്യാറാണെന്നതിനുള്ള തെളിവാണ്, സ്ത്രീ വിദ്യാഭ്യാസം ഹറാമാണെന്ന 'മണ്ണാർക്കാട് പ്രമേയം' ഇനിയും കുഴിച്ചു മൂട പ്പെടാതെ കിടക്കുമ്പോ ഴും, ഉയർന്നു നിൽക്കുന്ന ഇവരുടെ തന്നെ സ്ത്രീ വിദ്യാഭ്യാസ കേന്ദ്രങ്ങൾ. ദീനിനോട് അല്പം പോലും പ്രതിബദ്ധത കാട്ടാത്ത ഈ വിഭാഗം എന്നും പ്രതിലോമ പ്രവർത്തനങ്ങൾക്ക് കുപ്രസിദ്ധരാണ്.

ഇസ്വ്‌ലാഹീ പ്രസ്ഥാനത്തിൻെറ ദീനിനോടുള്ള കൂറും, ഉത്തരവാദിത്ത നിർവഹണത്തിലുള്ള അതിൻെറ ശ്രദ്ധയും, ഈ പ്രസ്ഥാനം പുത്തനാശക്കാരോടു കാണിക്കുന്ന വിട്ടുവീഴ്ചയില്ലാത്ത സമീപനവും, പാതിരിമാരെ വ ിറളി പിടിപ്പിക്കാറുണ്ടെങ്കിലും, മുസ്‌ലിം ഉമ്മത്തിൽ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. ഖുർആനും സുന്നത്തും മുന്നിൽ വെച്ചു കൊണ്ടുള്ള ഇസ്വ്‌ലാഹീ പ്രസ്ഥാനത്തിൻെറ നിതാന്ത പ്രവർത്തനങ്ങൾ, അല്ലാഹുവിൻെറ അനുഗ്രഹത്താൽ ഇനി

യും തുടരും. അല്പ കാലം കൂടി കഴിയുമ്പോൾ, 'സ്ത്രീവിദ്യാഭ്യാസം ഹറാം' എന്ന ഫത്വക്കു വന്ന ദുർഗതി, 'സ്ത്രീ പള്ളിപ്രവേശം ഹറാം' എന്ന ഫത്വക്കും സംഭവിക്കുന്നത് നമുക്കു കാണാം. സ്ത്രീ പള്ളിക്കൂടങ്ങൾ, യതീം ഖാനകൾ, മദ്റസകൾ ഞങ്ങൾക്കാണ് കൂടുതൽ എന്ന് വീരവാദം മുഴക്കുന്നതു പോലെ, അന്ന്, 'സ്ത്രീകൾ നമസ്കാരത്തിന് പങ്കെടുക്കുന്ന കൂടുതൽ പള്ളികളുള്ളത് ഞങ്ങൾക്കാണ്' എന്ന വീരവാദം മുഴക്കി ഇവർ കടന്നു വരും, ഉളുപ്പില്ലാതെ. നമുക്ക് കാത്തിരിക്കാം. സത്യം വിജയിക്കുന്നതു കാണാൻ നാം അല്പം കാത്തിരുന്നാലെന്ത്?

അല്ലാഹുവിൻെറ അടിയാത്തികൾ പള്ളിയിൽ വരുന്നതും, അവർക്കു നിശ്ചയിക്കപ്പെട്ട സ്ലത്തു വെച്ച് ജുമുഅ ജമാഅത്തുകളിൽ പങ്കെടുക്കുന്നതും ഇസ്ലാം അനുവദിച്ച കാര്യങ്ങളാണ് എന്ന് പ്രമാണങ്ങൾ പരിശോധിക്കുന്ന ആർക്കും കൃത്യമായി ബോധ്യ പ്പെടും. സ്ത്രീകൾ പള്ളികളിലെ ജുമുഅ ജമാഅത്തുകളിൽ പങ്കെടുക്കുന്നതു സംബന്ധിച്ച ഇസ്ലാഹി പ്രസ്ഥാനത്തിൻെറ വീക്ഷണം ഏതു സാധാരണക്കാരനുമറിയാം. പള്ളിയിൽ വന്ന് നമസ്കാരങ്ങളിൽ പങ്കെടുക്കുന്നത് സ്ത്രീകൾക്ക് നിർബന്ധമായ കാര്യമല്ല. എന്നാൽ അവർക്ക് പള്ളിയിൽ വന്ന് നമസ്കാരങ്ങളിൽ പങ്കെടുക്കുന്നതിന് ഇസ്ലാമിൽ യാതൊരു വിലക്കുമില്ല. ഒരു സ്ത്രീ പുറത്തിറങ്ങുമ്പോൾ പാലിക്കേണ്ട മുഴുവൻ നിബന്ധനകളും പാലിച്ചു കൊണ്ടാകണം അതെന്നു മാത്രം. അതാകട്ടെ പള്ളിയിലേക്കു പോകുന്ന കാര്യത്തിൽ മാത്രമല്ല. കല്യാണ വീട്ടിലേക്കും, അങ്ങാടിയിലേക്കും, ആശുപത്രികളിലേക്കും, സ്കൂളിലേക്കും, മറ്റെവിടേക്ക് പോകുമ്പോഴും വസ്ത്രധാരണത്തിലെ ചിട്ടകൾ ഒരു സ്ത്രീ പാലിച്ചിരിക്കണം. മുമ്പേ നാവിൽ വന്നൊരു പിഴവ് സത്യം ബോധ്യപ്പെട്ടിട്ടും തിരുത്താൻ തയ്യാറാകാത്ത പാതിരികൾക്ക്, തന്നെപ്പടച്ച റബ്ബിൻെറ മുന്നിൽ സുജൂദ് ചെയ്യാൻ പെണ്ണ് പള്ളിയിൽ കയറുന്നത് മാത്രമേ ഹറാമുള്ളൂ. പരപുരുഷൻ മാരോടൊത്ത് നേർച്ചപ്പൂരങ്ങളിൽ പങ്കെടുക്കുന്നതും, സ്വലാത്തു നഗറുകളിൽ പരപുരുഷൻ മാരോടൊത്തു തന്നെ സംബന്ധിക്കുന്നതും അവർക്കു ഹറാമല്ല. പെണ്ണിൻെറ കാശും കമ്മലും തട്ടാൻ പറ്റുന്നിടത്തൊക്കെ 'ഹിജാബിൻെറ ആയത്തും', 'പരപുരുഷൻമാരും' 'കുഴപ്പമുണ്ടാകലും' ഒന്നും സ്ത്രീകൾക്ക് ഇവറ്റകൾ ബാധകമാക്കാറില്ല എന്നതാണ് സത്യം.


ബീമാപള്ളിയിൽ ചന്ദനക്കുടം നേർച്ചയ്ക്കെത്തിയവർ

സ്ത്രീകൾ പള്ളികളിൽ ചെന്ന് നമസ്കരിക്കുന്നതു സംബന്ധിച്ച് ശാഫിഈ മദ്ഹബിൻെറ പ്രമാണങ്ങളിലൂടെ ഹ്യസ്വമായൊരു യാത്രയാണ് ഈ ലേഖനം. സത്യം കണ്ടറിയാൻ താത്പര്യമുള്ളവർക്കു വേണ്ടിയുള്ള ഒരു എളിയ ബാധ്യതാ നിർവഹണം. അപാകതകളുണ്ടെങ്കിൽ പടച്ചവൻ പൊറുത്തു തരട്ടെ എന്ന പ്രാർത്ഥനയോടെ.

1. "**സ്ത്രീകൾ ജുമുഅക്ക് വരുമ്പോൾ** അവൾ കുളിച്ച് വൃത്തിയാകണം. സുഗന്ധ വസ്തുക്കൾ അവൾ ഉപയോഗിക്കുന്നതിനെ ഞാൻ വെറുക്കുന്നു." (അൽ ഉമ്മ് വാല്യം 1 പേജ് 175)

2. "നിശ്ചയം ജുമുഅയിൽ നിന്നും ഒഴിവുള്ള അടിമ, **സ്ത്രീ,** യാത്രക്കാർ പോലെയുള്ളവർ **ജുമുഅ നമസ്കരിച്ചാൽ അവർക്ക് മതിയാകുന്നതാണ്.** ഇതിൽ

ഇബ്നു മുൻദിർ, ഇമാമുൽ ഹറമൈനി പോലെയുള്ളവർ ഇജ്മാഅ് ഉദ്ധരിച്ചിട്ടുണ്ട്. നാലു റക്അത്തുള്ള ളുഹർ നമസ്കരിക്കൽ ഇവർക്ക് നിർബന്ധമല്ലെ? അപ്പോൾ ജുമുഅ രണ്ടു റക്അത്തു നമസ്കരിച്ചാൽ എങ്ങനെയാണ് നിർബന്ധം അവരിൽ നിന്നും ഇല്ലാതാകുക? എന്ന് ഒരാൾ ചോദിച്ചാൽ അതിനുള്ള മറുപടി ഇപ്രകാരമാണ്, ജുമുഅ രണ്ട് റക്അത്ത് ആണെ കിലും ളുഹറിനേക്കാൾ ഏറ്റവും പരിപൂർണ്ണമായത് അതാണ്." (ശറഹുൽ മുഹദ്ദബ്, വാള്യം 4 പേജ് 469)

3. **"സ്ത്രീകൾക്ക്** ഖിയാമുല്ലൈൽ (രാത്രി നമസ്കാരം) പോലെയുള്ള സുനത്തു നമസ്കാ രങ്ങക്കും പള്ളിയിൽ പകെടുക്കാവുന്നതാണ്." (ശറഹു മുസ്ലിം, വാള്യം 5,6 പേജ് 209)

4. **"സ്ത്രീകൾക്ക്** പുരുഷൻമാരുടെ കൂടെ ഗ്രഹണനമസ്കാരത്തിൽ പകെടുക്കൽ സുന്നത്താ ക്കപ്പെടും." (ശറഹു മുസ്ലിം, വാള്യം 5,6 പേജ് 209)

5. **"സ്ത്രീകൾ പള്ളിയിലേക്ക് പുറപ്പെടൽ:** അല്ലാഹുവിൻെറ റസൂൽ (സ്വ) പറഞ്ഞു: നിങ്ങളുടെ ഭാര്യ പള്ളിയിലേക്ക് സമ്മതം ചോദിച്ചാൽ അവളെ തടയരുത്." (ശറഹു മുസ്ലിം, വാള്യം 2 പേജ് 399)



(അശ്റത്ത് ഖുതുബ് പേജ് 79)

ഈ ഉദ്ധരണിക്ക് ഇവർ തന്നെ നൽകുന്ന അർത്ഥം ശ്രദ്ധിക്കുക:




(പരിഭാഷകൻ: അബു അശ്റഫ് മൗലവി, പേജ് 198)

6. **"പള്ളിയിൽ പോകാൻ ഭർത്താവിനോട് അനുവാദം ചോദിക്കൽ:** നബി(സ്വ) പറഞ്ഞു, നിങ്ങളുടെ ഭാര്യ പള്ളിയിൽ പോകാൻ അനുവാദം ചോദിച്ചാൽ നിങ്ങൾ തടയരുത്." (ഫത്ഹുൽ ബാരി, വാള്യം 2 പേജ് 409)

7. "ഇമാമിന് ഏറ്റവും ശ്രേഷ്ഠമായത്, **തൻെറ പിന്നിൽ സ്ത്രീകളില്ലെങ്കിൽ,** സലാം വീട്ടിയ ഉടനെ തൻെറ നമസ്ക്കാര സ്ഥലത്തു നിന്നും എഴുന്നേൽക്കലാണ്." (ഫത്ഹുൽ ബാരി, വാള്യം 2 പേജ് 409)

8. **"പിന്നിൽ സ്ത്രീകളില്ലെങ്കിൽ** സലാം വീട്ടിയ ഉടനെ ഇമാം തൻെറ നമസ്കാര സ്ഥലത്തു നിന്നും എഴുന്നേൽക്കുന്നത് സുന്നത്താക്കപ്പെടുമെന്ന് ഇമാം ശാഫിഈ(റ)യും അദ്ദേഹത്തിൻെറ അനുയായികളും പറഞ്ഞിരിക്കുന്നു. ഇപ്രകാരം ഇമാം ശാഫിഈ തൻെറ 'മുഖ്തസിറി'ൽ പറഞ്ഞിട്ടുണ്ട്. അനുയായികൾ അതിൽ ഏകോപിച്ചിട്ടുമുണ്ട്. . . എന്നാൽ **പിന്നിൽ സ്ത്രീകൾ ഉള്ള പക്ഷം,** അവർ പിരിഞ്ഞു പോകുന്നതുവരെ ഇമാമും മറ്റു പുരുഷൻമാരും സലാം വീട്ടിയതിനു ശേഷം അല്ലാഹുവിനെ സ്മരിച്ചു കൊണ്ട് അല്പ സമയം അവിടെത്തന്നെ ഇരിക്കുന്നതാണ് നല്ലത്. **അവസാനം പിരിഞ്ഞു പോകുന്ന സ്ത്രീയേയും** വേഗത്തിൽ പോകുന്ന പുരുഷൻമാർ കണ്ടുമുട്ടാൻ പറ്റാത്തവിധം. **സ്ത്രീകൾ സലാം വീട്ടിയ ഉടനെ** പിരിഞ്ഞു പോകുന്നതാണ് സുന്നത്ത്. **സ്ത്രീകൾ പിരിഞ്ഞു പോയാൽ** ഇമാമിനും മറ്റു പുരുഷൻമാർക്കും പിരിഞ്ഞു പോകാം. ഇതിന് ഉമ്മുസലമയുടെ ഹദീസിനെയാണ് ഇമാം ശാഫിഈയും അനുയായികളും തെളിവ് ഉദ്ധരിക്കുന്നത്. അവർ പറഞ്ഞു: നബി(സ) സലാം വീട്ടിയാൽ സത്രീകൾ എഴുന്നേറ്റു പോകും. അവർ

പിരിഞ്ഞു പോകുന്ന തുവരെ നബി(സ) അൽപം താമസിക്കും, അവർ പുരുഷൻമാരെ കണ്ടുമുട്ടാതിരിക്കാൻ." (ശറഹുൽ മുഹദ്ദബ്, വാള്യം 3 പേജ് 489)

9. "ഇമാം സലാം വീട്ടിയാൽ **സ്ത്രീകൾ പിരിഞ്ഞു പോകുന്നതുവരെ** അദ്ദേഹം അൽപ സമയം അല്ലാഹുവിനെ സ്മരിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നു. **ഉമ്മു** സലമ(റ) പറഞ്ഞതു പോലെ. പിന്നെ അദ്ദേഹം എഴുന്നേൽക്കണം." (അൽ **ഉമ്മ്** വാള്യം 1 പേജ് 111)

10. "ഇമാം ശാഫിഈയും അനുയായികളും പറഞ്ഞിരിക്കുന്നു, സലാം വീട്ടിയാൽ **തൻെറ പിറകിൽ സ്ത്രീകൾ ഇല്ലെങ്കിൽ** ഇമാം തൻെറ നമസ്കാര സ്ഥലത്തു നിന്നും എഴുന്നേൽക്കുക എന്നത് സുന്നത്താക്കപ്പെടും. (മുഗ്നി വാള്യം 1 പേജ് 183)

11. "ഇമാം വിരമിച്ചകൽ ഉടനെ, **അവിടെ സ്ത്രീകൾ ഇല്ലെങ്കിൽ** തൻെറ നമസ്കാരസ്ഥലം വിട്ടു പിരിയണം." (നൂറുൽ അബ്സ്വാർ പേജ് 70)

12. "പുരുഷൻമാരായ മഅ്മൂമുകൾ രണ്ടോ അതിലധികമോ ഉണ്ടെങ്കിൽ അവർ ഇമാമിൻെറ നേരെ പുറകിൽ നിൽക്കലാണ് സുന്നത്ത്. ഒരു പുരുഷനേ ഉള്ളുവെങ്കിൽ അവൻ ഇമാമിൻെറ വലതു ഭാഗത്തു നിൽക്കണം. പിന്നെ ഒരാൾകൂടി വന്നാൽ അവൻ ഇമാമിൻെറ ഇടതു ഭാഗത്തു നിന്ന് ഇഹ്റാം കെട്ടിയതിനു ശേഷം സാധ്യമാണെങ്കിൽ രണ്ടു പേരും കൂടി ഇമാമിൻെറ പിറകിലേക്കു നീങ്ങുകയോ അല്ലെങ്കിൽ ഇമാം മുന്നോട്ടു കയറി നിൽക്കുകയോ ചെയ്യേണ്ടതാണ്. **പുരുഷൻമാരും സ്ത്രീകളുമുണ്ടെങ്കിൽ ഇമാമിൻെറ** നേരെ പുറകിൽ പുരുഷൻമാരും അതിൻെറ പുറകിൽ കുട്ടികളും അതിൻെറ പുറകിൽ സ്ത്രീകളും നിൽക്കണം." (ഉംദ പരിഭാഷ, പേജ് 142, ഇബ്റാഹീം പുത്തൂർ ഫൈസി)



ബീമാപള്ളി ദർഗാഷെരീഫിനുള്ളിൽ പ്രാർത്ഥനാനിരതരായി ഭക്തജനങ്ങൾ

**ദർശനപുണ്യം തേടി ദർഗാഷെരീഫിലേക്ക്**

തിരു : വിശ്വാസത്തിന്റെയും മതസഹോദര്യത്തിന്റെയും സാന്ത്വനമന്ത്രങ്ങൾ നിറഞ്ഞു നിൽക്കുന്ന ബീമാപള്ളി ദർഗാഷെരീഫിലേക്ക് ഭക്തജനപ്രവാഹം.

സർവമത പ്രാർത്ഥനയോടെ കൊടിയേറിയ ഉറൂസ് മഹോത്സവത്തിന്റെ പുണ്യം തേടി കേരളത്തിനകത്തും പുറത്തുംനിന്ന് ആയിരക്കണക്കിനാളുകളാണ് ഇവിടെ വന്നെത്തുന്നത്. ദുഃഖിതരും നിരാലംബരുമായ വിവിധ ജാതിമതസ്ഥർ ദർഗാഷെരീഫിന് മുന്നിലിരുന്ന് പ്രാർത്ഥിക്കുന്നു. മഹൽസ്മാരകത്തിന്റെ മഹിമയെ വാഴ്ത്തി ഭക്തജനങ്ങൾ മടങ്ങുമ്പോൾ ഉള്ളിൽ പ്രാർത്ഥനാസാഫല്യത്തിന്റെ പ്രസാദം നിറയുന്നു.

പുണ്യാത്മാക്കളായ സെയ്യിദത്ത് നിസ്സ ബീമാബീവിയും അശൈഖ് സയ്യിദ് ഷഹീദ്മാഹീൻ അബൂബക്കർ ഒലിയുള്ളായും അന്ത്യവിശ്രമം കൊള്ളുന്ന ദർഗാഷെരീഫിന് മുന്നിൽ പട്ടുംപൂവും പനിനീരും ചന്ദനക്കുടവും നേർച്ചനൽകി ഭക്തജനങ്ങൾ നമിക്കുന്നു. കുഞ്ഞുങ്ങളുടെ പേടിമാറ്റാനും ബാധകളൊഴിക്കാനും ഓതുന്നു.

രാത്രി പള്ളി അങ്കണത്തിൽ റാത്തീബ്, മുനാജാത്ത് പാരായണം, മതപ്രഭാഷണം എന്നിവയ്ക്ക് വൻ ജനക്കൂട്ടമായിരുന്നു.

ജൂലായ് 17 ന് സമൂഹവിവാഹം നടക്കും. ഹിന്ദു, ക്രിസ്ത്യൻ മത വിഭാഗങ്ങളിൽനിന്ന് ഓരോ പെൺകുട്ടി ഉൾപ്പെടെ 12 പേരുടെ വിവാഹമാണ് നടത്തുന്നത്. ഓരോ ലക്ഷം രൂപയും 5 പവന്റെ സ്വർണ്ണവും വീതം നൽകിയാണ് വിവാഹം നടത്തുന്നതെന്ന് ജമാഅത്ത് ജനറൽ സെക്രട്ടറി അബ്ദുൾ മനാഫ് പറഞ്ഞു.

കിഴക്കേകോട്ടയിൽനിന്ന് ബീമാപള്ളിയിലേക്ക് കെ.എസ്.ആർ.ടി.സി പ്രത്യേക ബസ് സർവീസ് ഏർപ്പെടുത്തിയിട്ടുണ്ട്. 19 ന് രാവിലെ ആറുമണിക്ക് നടക്കുന്ന അന്നദാനത്തോടെ ഉറൂസ് മഹോത്സവം സമാപിക്കും.

13. "**ജുമുഅക്ക് സന്നിഹിതരാകാൻ ഉദ്ദേശിക്കുന്ന സ്ത്രീ പുരുഷൻമാർ** കുളിക്കണം." (ഇഹ്യാ മലയാള പരിഭാഷ, പുതിയ പതിപ്പ്, വാ 1 പേ 559)

14. സ്ത്രീകളുടെ ജുമുഅയെക്കുറിച്ച് ഇമാം ശാഫിഈ: "**അവൾ ശരീരത്തിലെ ദുർഗന്ധങ്ങൾ നീങ്ങുന്നതുവരെ കുളിച്ചു ശുദ്ധിയായി ജുമുഅക്കു** വരുന്നതിനെയാണ് ഞാൻ ഇഷ്ടപ്പെടുന്നത്." (അൽ **ഉമ്മ്** വാള്യം 1 പേജ് 197)

15. "**അവൾക്ക് വെറുക്കുന്ന രൂപത്തിൽ സുഗന്ധ ദ്രവ്യങ്ങളും മറ്റും ഉപയോഗിച്ച് അവൾ ജുമുഅക്ക് വന്നാലും** ആ നമസ്കാരം അവൾ മടക്കി നമസ്കരിക്കേണ്ടതില്ല."(അൽ **ഉമ്മ്** വാള്യം 1 പേജ് 197)

16. "സ്വതന്ത്ര പുരുഷൻമാരിലെ ഉദ്റുള്ളവരായ ജുമുഅ ഉപേക്ഷിക്കാൻ പാടുള്ളവർ, **സ്ത്രീകൾ,** കുട്ടികൾ, അടിമകൾ ഇവർക്കൊന്നും ഇമാം (ജുമുഅയിൽ നിന്ന്) വിരമിക്കുന്നതുവരെ ദുഹ്റ് നമസ്കരിക്കൽ ഞാനിഷ്ടപ്പെടുന്നില്ല. **കാരണം ജുമുഅക്ക് വരാൻ ഒരുപക്ഷേ അവർക്ക് കഴിഞ്ഞേക്കാം. അപ്പോൾ അതിന് വരലാവും അവർക്കുത്തമം."** (അൽ **ഉമ്മ്** വാള്യം 1 പേജ് 167, ബശീർ ഫൈസി വെണ്ണക്കോട് 'സ്ത്രീ അവകാശങ്ങളും അതിർവരമ്പുകളും' എന്ന പുസ്തകത്തിൽ കൊടുത്ത പരിഭാഷ)

17. "ഇനി രോഗിയൊ, യാത്രക്കാരനൊ, അടിമയൊ, **സ്ത്രീയൊ ജുമുഅ നമസ്കാരത്തിൽ പങ്കെടുത്താൽ നമസ്കാരം ശരിയാവുകയും** അത് അവർക്ക് ദുഹ്റ് നമസ്കാരത്തിന് മതിയാവുകയും ചെയ്യും." (ഇഹ്‌യാ മലയാള പരിഭാഷ, പുതിയ പതിപ്പ്, വാ 1 പേ 557)

**പർദ്ദാനിയമം അവതരിച്ചതോടെ സ്ത്രീകൾ പള്ളിയിൽ നമസ്കാരത്തിന് പോയിരുന്നത് നിർത്തിയിരുന്നുവെങ്കിൽ ഇമാം ശാഫിഈ(റ)യെപ്പോലുള്ള കർമ്മശാസ്ത്രപണ്ഡിതൻമാർ, സ്ത്രീകൾ പള്ളിയിൽ വന്നാൽ എവിടെ നിൽക്കണം, സ്ത്രീകൾ പിന്നിലുണ്ടെങ്കിൽ ഇമാം എപ്പോൾ എഴുന്നേൽക്കണം, സുഗന്ധം പൂശി വന്നാൽ അവരുടെ ജുമുഅ സാധുവാകുമൊ ഇല്ലെ, ശരീരത്തിലെ ദുർഗന്ധം പോകും വിധം കുളിച്ചു ശുദ്ധിയായി അവർ ജുമുഅക്കു വരുന്നതാണ് എനിക്ക് ഇഷ്ടം, ജുമുഅ നമസ്കരിച്ചാൽ അവൾക്കു മതിയാകുന്നതാണ്... തുടങ്ങിയ കർമ്മശാസ്ത്ര വിധികൾ അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തുമൊ? ഹറാമായ ഒരു കാര്യത്തിന് കർമ്മശാസ്ത്ര വിധികൾ പ്രസ്താവിക്കുന്ന വിവരദോഷികളായിരുന്നൊ അവർ? അങ്ങനെയല്ല. മഹത്തുക്കളായ ആ പണ്ഡിതകേസരികളുടെ വിവരത്തിന്റെ നാലയലത്ത് എത്താൻ ഈ നവ ഹിജാബുവാദികൾക്ക് കഴിയില്ല. ഇസ്‌ലാമിക പ്രമാണങ്ങൾക്കു വിരുദ്ധമായി ആദ്യം പറഞ്ഞു പോയ ഒരു വാദം തിരുത്താനുള്ള ഈമാനികമായ ആർജ്ജവമില്ലാത്തതിനാൽ പറഞ്ഞതിൽത്തന്നെ പിടിച്ചു തൂങ്ങി ജീവിക്കുകയാണ് ഈ വർഗം.**

പർദ്ദാനിയമം, ഹിജാബിന്റെ ആയത്ത് എന്നൊക്കെപ്പറഞ്ഞ് ആളുകളെ പേടിപ്പിക്കുന്ന ഈ വിഭാഗം, സൂറത്തുൽ അഹ്സാബിലെ 33ാമത്തെ ആയത്തിനെയാണ് ഹിജാബിന്റെ ആയത്തായി പരിഗണിക്കുന്നതും പഠിപ്പിക്കുന്നതും. ഈ ആയത്തിന്റെ അവതരണത്തോടെ സ്ത്രീകൾ പള്ളിയിലേക്ക് പോയിരുന്നത് നിർത്തി എന്നാണ് ഇവരുടെ കുരുട്ടു വാദം. എന്നാൽ താഴെ ഇമാം ശാഫിഈയുടേതായി 'രിസാല'യിൽ വന്ന ലേഖനത്തിൽ നൽകിയ ഉദ്ധരണി വായിക്കുക:

> ഇമാം ശാഫിഈ(റ) പറയുന്നത് കാണുക. ഉമ്മഹാതുൽ മുഅ്മിനീൻ റസൂലുല്ലാഹി(സ്വ)യുടെ ഭാര്യമാർ ആരും തന്നെ വല്ല പള്ളിയിലും ജുമുഅഃക്കോ ജമാഅതിനോ പങ്കെടുത്തതായി നാം അറിഞ്ഞിട്ടില്ല. (അത് അവർക്ക് ബാധ്യതയായിരുന്നെങ്കിൽ) നബി(സ്വ)യോടുള്ള സാമീപ്യം കാരണം അവരായിരുന്നു ബാധ്യത വീട്ടാൻ ഏറ്റവും കടമപ്പെട്ടവർ. എന്നാൽ പിന്നെ അവർക്ക് പർദ്ദാനിയമം വന്നതു കൊണ്ടല്ലേ അവർ പോവാതിരുന്നതെന്ന് സംശയിക്കുന്നുവെങ്കിൽ മറുപടി ഇപ്രകാരമാണ്. പർദ്ദാനിയമം ആദ്യം അവതരിച്ചിട്ടില്ലല്ലോ. അത് പിന്നീടല്ലേ അവതരിക്കപ്പെട്ടത്. പർദ്ദാനിയമം അവർക്കുള്ള ബാധ്യതയെ ഒരിക്കലും എടുത്ത് കളഞ്ഞിട്ടില്ല(ഇമാം ശാഫിഈ(റ)യുടെ ഇഖ്തിലാഫുൽ ഹദീസ് (ഹാമിശുൽ ഉമ്മ് വാ.7, പേ.172)).

ഈ പ്രസ്ഥാവനയിൽ നിന്നും മനസിലാകുന്നത് പ്രധാനമായും മൂന്നു കാര്യങ്ങളാണ്:

1. നബി(സ)യുടെ ഭാര്യമാരിലാരും **പർദ്ദാനിയമത്തിനു മുമ്പോ ശേഷമോ** ജുമുഅ ജമാഅത്തുകളിൽ പങ്കെടുത്തിട്ടില്ല.

2. **ജുമുഅ ജമാഅത്തുകളിൽ പങ്കെടുക്കുക എന്നൊരു ബാധ്യത** അവർക്ക് ഇല്ലായിരുന്നു.

3. **പർദ്ദാ നിയമം അവതരിച്ചതു കൊണ്ടല്ല** അവർ ജുമുഅ ജമാഅത്തുകളിൽ പങ്കെടുക്കാതിരുന്നത്. **'പർദ്ദാ നിയമം അവർക്കുള്ള ബാധ്യതയെ ഒരിക്കലും എടുത്തു കളഞ്ഞിട്ടില്ല.'** എന്ന പ്രസ്താവന അതാണ് മനസിലാക്കിത്തരുന്നത്. **അവർക്ക് അതിന് ബാധ്യതയുണ്ടായിരുന്നെങ്കിലല്ലെ അതിനെ എടുത്തു കളയേണ്ടതുള്ളൂ.**

അവർ തന്നെ കൊടുത്ത ഉദ്ധരണിയിൽ നിന്നും മനസിലാകുന്ന വസ്തുത ഇതാണ് എങ്കിൽ **'ഹിജാബിന്റെ ആയത്തിനു ശേഷം സ്ത്രീകളാരും പള്ളിയിലേക്ക് പോയട്ടേയില്ല'** എന്ന ഈ പാതിരിമാരുടെ വാക്കിനെന്തു പ്രസക്തി. ഇമാം ശാഫിഈ ഇമാമിൻേറതായി മേൽ

കൊടുത്ത ഉദ്ധരണിക്കു പുറമെ, അവരുടെ ഇപ്പറഞ്ഞ വാദത്തിനു തെളിവെന്നോണം നൽകുന്നതു കാണുക.

> ആനക്കാര്യമായി ചോദിക്കുന്നത്. നൂറ്റാണ്ടുകൾക്കു മുമ്പ് ഇമാം അലാഉദ്ദീൻ(റ) ഇതിന്ന് മറുപടി പറഞ്ഞിട്ടുണ്ട്. അതിപ്രകാരമാണ്. ഇസ് ലാമിന്റെ ആവിർഭാവ കാലത്ത് സ്ത്രീകൾ ജുമുഅഃക്കും ജമാഅതിന്നും സംബന്ധിച്ചിരുന്നതിനെ പരാമർശിച്ചാണത്. പിന്നീട് വീട്ടിൽ ഒതുങ്ങിയിരിക്കാൻ ആജ്ഞ വന്നപ്പോൾ പോകാമെന്ന നിയമത്തിന്ന് പ്രാബല്യമില്ലാതായി (ബദാഇഉസ്സ്വനാഇഅ്, വാ.1, പേ.125).

എന്താണ് ഈ ഉദ്ധരണിയിൽ നിന്നും മനസിലാകുന്നത്? പ്രധാനമായും രണ്ടു കാര്യങ്ങളാണ്:

1. ഇസ്ലാമിന്റെ ആവിർഭാവ കാലത്ത് സ്ത്രീകൾ ജുമുഅക്കും ജമാഅത്തിനും സംബന്ധിച്ചിരുന്നു. (**നബിക്ക് വഹ്യ് കിട്ടി നാലഞ്ചു മാസക്കാലം മാത്രം** എന്നു തോന്നും **'ഇസ്ലാമിന്റെ ആവിർഭാവ കാലം'** എന്നൊക്കെ ഇവർ പറയുമ്പോൾ. നീണ്ട പതിമൂന്നു വർഷക്കാലത്തെ മക്കാ ജീവിതവും കഴിഞ്ഞ് മദീനയിലെത്തിയതിനു ശേഷമാണ് ഈ ജുമുഅയും ജമാഅത്തുമൊക്കെ ഉണ്ടാകുന്നതു തന്നെ)

2. പിന്നീട് വീട്ടിൽ ഒതുങ്ങിയിരിക്കാൻ ആജ്ഞ (ഇവരുടെ വാദപ്രകാരം പർദ്ദാ നിയമം) വന്നപ്പോൾ പോകാമെന്ന നിയമത്തിന് പ്രാബല്യമില്ലാതായി.

## ഒരു താരതമ്യം:

**ഇമാം ശാഫിഈ:** "പ്രവാചക പത്നിമാർ ജുമുഅ ജമാഅത്തുകളിൽ പങ്കെടുത്തിരുന്നില്ല."

**ഇമാം അലാഉദ്ദീൻ:** "ഇസ്ലാമിന്റെ ആവിർഭാവ കാലത്ത് സ്ത്രീകൾ ജുമുഅക്കും ജമാഅത്തിനും സംബന്ധിച്ചിരുന്നു."

**ഇമാം ശാഫിഈ:** "പർദ്ദാ നിയമം വന്നതു കൊണ്ടല്ല അവർ പള്ളിയിലെ ജുമുഅ ജമാഅത്തുകളിൽ പങ്കെടുക്കാതിരുന്നത്."

**ഇമാം അലാഉദ്ദീൻ:** "പിന്നീട് വീട്ടിൽ ഒതുങ്ങിയിരിക്കാൻ ആജ്ഞ (ഇവരുടെ വാദപ്രകാരം പർദ്ദാ നിയമം) വന്നപ്പോൾ പോകാമെന്ന നിയമത്തിന് പ്രാബല്യമില്ലാതായി."

ശാഫിഈ മദ്ഹബുകാരേ, നിങ്ങൾ ഇതിൽ ഏതു സ്വീകരിക്കും? ഒരൊറ്റ ലേഖനത്തിലാണ് ഈ വൈരുദ്ധ്യം നൽകി വിശ്വാസികളെ ഇവർ പൊട്ടൻ കളിപ്പിക്കുന്നത്.

സ്ത്രീകൾ പള്ളിയിൽ ചെന്ന് ജുമുഅ ജമാഅത്തുകളിൽ പങ്കെടുക്കുന്നത് ഹറാമാണ് എന്നിന് ഇവർ തെളിവായി നൽകുന്ന ആയത്തിന്, ശാഫിമദ്ഹബുകാരനായി ഇവർതന്നെ പരിചയപ്പെടുത്താറുള്ള ഇമാം ഇബ്നു കഥീർ(റ) നൽകുന്നത വിശദീകരണം വായിച്ചു നോക്കുക:

"وقرن في بيوتكن ولا تبرجن تبرج الجاهلية الأولى وأقمن الصلاة وآتين الزكاة وأطعن الله ورسوله إنما يريد الله ليذهب عنكم الرجس أهل البيت ويطهركم تطهيرا" (الأحزاب/٣٣)

"وقوله تعالى ( وقرن في بيوتكن ) ي الزمن بيوتكن فلا تخرجن لغير حاجة ومن الحوائج الشرعية الصلاة في المسجد بشرطه كما قال رسول الله صلى الله عليه وسلم لاتمنعوا إماء الله مساجد الله وليخرجن وهن تفلات" (تفسير إبن كثير ٤٨٣/٣)

"സ്വന്തം വീടുകളിൽ നിങ്ങൾ അടങ്ങിയിരിക്കുക" എന്ന അല്ലാഹുവിൻെറ വചനം കൊണ്ട് അർത്ഥമാക്കുന്നത്, നിങ്ങൾ വീടുകളിൽത്തന്നെ അടങ്ങിയിരിക്കണം എന്നും ആവശ്യങ്ങൾക്കല്ലാതെ പുറത്തിറങ്ങരുത് എന്നുമാണ്. **മതപരമായ ആവശ്യങ്ങളിൽപ്പെട്ടതാണ് നിബന്ധനപാലിച്ച് പള്ളിയിൽ പോയി നമസ്കരിക്കൽ. "അല്ലാഹുവിൻെറ അടിയാത്തികളെ പള്ളിയെത്തൊട്ട് നിങ്ങൾ തടയരുത്, അവർ സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കാതെ പുറപ്പെടട്ടെ** എന്ന് അല്ലാഹുവിൻെറ റസൂൽ(സ) പറഞ്ഞിട്ടുള്ളതു പോലെ." (ഇബ്നു കഥീർ വാള്യം 3 പേജ് 483)

ഇനിയുമുണ്ട് രേഖകൾ. ഇസ്ലാം നൽകുന്ന എല്ലാ മര്യാദകളും പാലിച്ചു കൊണ്ട് അല്ലാഹുവിൻെറ വിശുദ്ധ ഭവനത്തിൽ ചെന്ന് സ്ത്രീകൾക്ക് നമസ്കരിക്കുന്നതിന് യാതൊരു വിലക്കുമില്ലെന്ന് മേൽകൊടുത്ത തെളിവുകളിൽ നിന്ന് കൃത്യമായി ബോധ്യപ്പെടും. ഇവ്വിഷയകമായി ഒട്ടേറെ ഹദീസുകളുദ്ധരിക്കാനുണ്ട്. ശാഫിഈ മദ്ഹബിൽ നിന്നുള്ള അല്പം ഉദ്ധരണികൾ കൊണ്ട് മതിയാക്കുകയാണ്. പള്ളികളോടനുബന്ധിച്ച് സ്ത്രീകൾക്ക് നമസ്കാരത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കെത്തന്നെ 'ഹറാം, ഹറാ'മെന്ന് വിളിച്ചു പറയുന്ന പാതിരികളും കുഞ്ഞാടുകളും വായിക്കാൻ അവരുടെ തന്നെ വാക്കുകൾ അവസാനമായി ഉദ്ധരിക്കട്ടെ. പള്ളിയിലേക്ക് സ്ത്രീ നമസ്കാരത്തിനു ചെന്നാൽ കുഴപ്പമുണ്ടാകും എന്ന് വായടിക്കുന്നവർ, **പള്ളിയാണ് കൂടുതൽ സുരക്ഷിതത്വം** നൽകുന്നത് എന്ന് അവർതന്നെ എഴുതിയതു മനസിരുത്തി വായിക്കട്ടെ:

**"ഇവിടങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേകം പ്രാർത്ഥനാ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യം തന്നെ. പള്ളികളോടനുബന്ധിച്ചാകുമ്പോൾ പരിപാലനച്ചെലവ് കുറക്കാം. സുരക്ഷിതത്വവും കൂടും." (മർമ്മരം സ്പെഷ്യൽ മാഗസിൻ, പേജ് 11)**

ചുരുക്കത്തിൽ, സ്ത്രീകൾ പള്ളിയിൽ ചെന്ന് ജുമുഅ ജമാഅത്തുകളിൽ സംബന്ധിക്കുക എന്നത് <u>പുരുഷൻമാരെപ്പോലെ അവർക്ക് നിർബന്ധമുള്ള കാര്യമല്ല.</u> എന്നാൽ സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ പാലിക്കണമെന്ന് ഇസ്ലാം നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിച്ചു കൊണ്ട് അവർക്ക് പള്ളിയിൽ വന്ന് നമസ്കാരങ്ങളിൽ പങ്കുകൊള്ളുന്നതിന് <u>പ്രമാണങ്ങൾ എതിരല്ല. അവർക്ക് അത് അനുവദനീയമാണ്.</u> ഇതാണ് ഇസ്വ്ലാഹീ പ്രസ്ഥാനത്തിൻെറ നിലപാട്.

ബോധ്യപ്പെട്ട സത്യം പിന്തുടരാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ.

**ജുബൈൽ ഇന്ത്യൻ ഇസ്വ്ലാഹീ സെൻറർ**

**സൗദി അറേബ്യ**